"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-24-06-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂളിൽ കമ്പ്യൂട്ടർ ലാബ് കം ഡെമോൺസ്ട്രേഷൻ ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1526/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/08/2020

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.06.2020-ലെ കത്ത്

2 24.06.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.11-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂൾ ആയ ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂൾ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലയുടെ കീഴിലുള്ളതാണ്. ഈ സ്കൂളിൽ കമ്പ്യൂട്ടർ ലാബ് കം ഡെമോൺസ്ട്രേഷൻ ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ച സാഹചര്യത്തിൽ പ്രത്യേകാനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും സ്കൂൾ ഗ്രന്ഥശാലാ സംഘത്തിന്റെ നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലയുടെ ഉടമസ്ഥതയിലുള്ളതായതിനാൽ പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂൾ ആയ ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂളിൽ കമ്പ്യൂട്ടർ ലാബ് കം ഡെമോൺസ്ട്രേഷൻ ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, വടക്കാഞ്ചേരി, തൃശ്ശൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.08.— 21:26:39 IST
Reason: Approved

സെക്ഷൻ ഓഫീസർ